**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യവകുപ്പ് - 2021 മെയ് മാസത്തിലെ ക്ഷേമ നിധി ബോർഡ് പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ് എഫ് സി-ബി) വകുപ്പ്**

**സ ഉ (സാധാ) നം.4100/2021/ധന. തീയതി : 21.05.2021, തിരുവനന്തപുരം.**

പരാമർശം:- 1. സ ഉ (സാധാ) നം.5419/2020/ധന തീയതി 23.09.2020
2. സ ഉ (സാധാ) നം.6085/2020/ധന തീയതി 22.10.2020
3. സ ഉ (സാധാ) നം.6785/2020/ധന തീയതി 20.11.2020
4. സ ഉ (സാധാ) നം.7432/2020/ധന തീയതി 22.12.2020
5. സ ഉ (സാധാ) നം.604/2021/ധന തീയതി 23.01.2021
6. സ ഉ (സാധാ) നം.1808/2021/ധന തീയതി 25.02.2021
7. സ ഉ (എം എസ് ) നം.16/2021/ധന തീയതി 03.02.2021
8. സ ഉ (സാധാ)നം.2890/2021/ധന തീയതി 25.03.2021

**<u>ഉത്തരവ്</u>**

സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിലെ **6,51,572** ഗുണഭോക്താക്കൾക്ക് 2021 മെയ് മാസത്തിലെ പെൻഷൻ നൽകുന്നതിനായി **102,49,33,100/-**രൂപ ആവശ്യമാണെന്ന് ക്ഷേമനിധി ബോർഡുകൾ അറിയിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സർക്കാർ ധന സഹായം ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമ നിധി ബോർഡുകളിലെ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും 2021 മെയ് മാസത്തെ ക്ഷേമ നിധി ബോർഡ് പെൻഷൻ വിതരണം ചെയ്യുന്നതിന് ആവശ്യമായ തുക **102,49,33,100/- രൂപ (നൂറ്റിരണ്ട് കോടി നാൽപ്പത്തി ഒൻപത് ലക്ഷത്തി മുപ്പത്തിമുവ്വായിരത്തി ഒരുന്നൂറ് രൂപ മാത്രം)** അനുബന്ധത്തിൽ വിശദീകരിച്ചിട്ടുള്ള പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും അനുബന്ധത്തിൽ വിശദീകരിച്ചിട്ടുള്ള ക്ഷേമ നിധി ബോർഡുകളുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട്/ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുന്നു. ഈ പെൻഷൻ തുകയ്ക്കായി ക്ഷേമ നിധി ബോർഡുകൾ ബന്ധപ്പെട്ട ഭരണവകുപ്പിന് പ്രത്യേകമായി അപേക്ഷ സമർപ്പിക്കേണ്ടതില്ല.

3. 2021 മെയ് മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് മാത്രമേ ഈ തുക ഉപയോഗിക്കാൻ പാടുള്ളൂ. കുടിശ്ശിക/മറ്റ് ആനുകൂല്യങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് പെൻഷൻ തുക ഉപയോഗിക്കാൻ പാടില്ല.

4. ക്ഷേമനിധി ബോർഡ് പെൻഷൻ 2021 മെയ് 25 നു വിതരണം ആരംഭിക്കേണ്ടതും 2021 ജൂൺ 10 ന് അകം വിതരണം പൂർത്തിയാക്കേണ്ടതുമാണ്. വിതരണം ചെയ്യാത്ത തുക കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101023000269 നമ്പർ (IFS Code KSBK0000101) അക്കൗണ്ടിൽ ,2021 ജൂൺ 20 നകം തിരിച്ചടയ്ക്കുന്നുവെന്ന് എല്ലാ ക്ഷേമ നിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരും ഉറപ്പ് വരുത്തേണ്ടതാണ്. ഈ സമയക്രമത്തിൽ വീഴ്ച വരുത്തുന്നത് സർക്കാർ ഗൗരവതരമായി വീക്ഷിക്കുന്നതാണ്.

5. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പെൻഷൻ വിതരണത്തിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതോടൊപ്പം ഗുണഭോക്താവ് ഒന്നിലധികം ബോർഡുകളിൽ നിന്നും ക്ഷേമനിധി പെൻഷൻ കൈപ്പറ്റുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രാജേഷ് കുമാർ സിംഗ്**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
എല്ലാ ക്ഷേമ നിധി ബോർഡ് ചീഫ്എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
ധനകാര്യ (എസ്.എസ്/ബഡ്ജറ്റ്/ലേബർ /കൃഷി /വ്യയം /ഇൻഡ് &പി ഡബ്ലിയു.എ ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(ഫയൽ നം. E-1565851/എസ്.എഫ്.സി.ബി3/20/ധന)

ഉത്തരവിൻ പ്രകാരം

Arun Kumar.R

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | ക്ഷേമനിധി ബോർഡ് | ഗുണഭോക്താക്കളുടെ എണ്ണം | 2021 മെയ് മാസത്തേക്ക് അനുവദിക്കേണ്ട തുക | അനുവദിക്കേണ്ട എസ്.റ്റി.എസ്.ബി/ബാങ്ക്, ഐ.എഫ്.എസ്.സി, അക്കൗണ്ട്നമ്പർ |
|---|---|---|---|---|
| 1 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 15,580 | 2,49,28,000 | 79901140000524, ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 2 | കർഷക പെൻഷൻ | 2,65,887 | 42,54,19,200 | എസ് ബി ഐ വികാസ് ഭവൻ ശാഖ SBIN0070415, 38495089347 |
| 3 | മത്സ്യ തൊഴിലാളി | 64,782 | 10,36,51,200 | സബ് ട്രഷറി , തൃശ്ശൂർ,Special TSB A/c No. 71302140000017 |
| 4 | ക്ഷീര കർഷക പെൻഷൻ | 58,577 | 7,61,50,100 | SBI, തിരുവനന്തപുരം സിറ്റി ശാഖ,SBIN0070028,67004044174 |
| 5 | ലോട്ടറി തൊഴിലാളി | 4,704 | 75,26,400 | ഫെഡറൽ ബാങ്ക് , സ്റ്റാച്യു ശാഖ, FDRL0001030, 10300100427691 |
| 6 | കയർ തൊഴിലാളി | 75,667 | 12,10,67,200 | IDBI , ആലപ്പുഴ ശാഖ, IBKL0000305, 0305104000115933 |
| 7 | ഖാദി തൊഴിലാളി | 629 | 10,06,400 | 701011400000114, ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 8 | ട്രേഡേഴ്സ് വെൽഫെയർ | 8,984 | 1,43,74,400 | 701010200002558, ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 9 | ചുമട്ടു തൊഴിലാളി | 4,176 | 66,81,600 | KLGB0040537, 40537101007480 |
| 10 | ആഭരണ തൊഴിലാളി | 517 | 8,27,200 | STSB: 79901140000523З, ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 11 | ചെറുകിട തോട്ടം തൊഴിലാളി | 514 | 8,22,400 | കാനറാ ബാങ്ക് ,കോട്ടയം ,CNRB0001523, 1523132000007 |
| 12 | ഈറ്റ കാട്ടു വള്ളി തഴ തൊഴിലാളി | 10,039 | 1,60,62,400 | സബ് ട്രഷറി , അങ്കമാലി, 711090100000664 |
| 13 | ബീഡി & സിഗാർ തൊഴിലാളി | 2,984 | 47,65,400 | KLGB0040422, 40422100008881 |
| 14 | തയ്യൽ തൊഴിലാളി | 66,827 | 10,69,23,200 | ഐ സി ഐ സി ഐ ,പട്ടം, ICIC0001177, 117701000668 |
| 15 | കൈത്തറി തൊഴിലാളി | 8,990 | 1,43,84,000 | ജില്ലാ സഹകരണ ബാങ്ക് മെയിൻ ബ്രാഞ്ച് ,കണ്ണൂർ, UTIB0SKDC01, 1001007000326 |
| 16 | കശുവണ്ടി തൊഴിലാളി | 62,715 | 10,03,44,000 | എസ് ബി ഐ ബീച്ച് റോഡ് , കൊല്ലം, SBIN0070279, 57005949949 |
| | ആകെ | **6,51,572** | **102,49,33,100** | |